ഹദീസ്

ഫായിസ് നിസാർ

# അനീതിക്ക് കുടപിടിക്കാതിരിക്കുക

عَنْ جَابِرِ بْنِ عَبْدِ اللَّهِ، أَنّ النَّبِيَّ صلى الله عليه وسلم قَالَ لِكَعْبِ بْنِ عُجْرَةَ: «أَعَاذَكَ اللَّهُ مِنْ إِمَارَةِ السُّفَهَاءِ»، قَالَ: وَمَا إِمَارَةُ السُّفَهَاءِ؟ قَالَ: «أُمَرَاءُ يَكُونُونَ بَعْدِي، لَا يَقْتَدُونَ بِهَدْيِي، وَلَا يَسْتَنُّونَ بِسُنَّتِي، فَمَنْ صَدَّقَهُمْ بِكَذِبِهِمْ وَأَعَانَهُمْ عَلَى ظُلْمِهِمْ، فَأُولَئِكَ لَيْسُوا مِنِّي، وَلَسْتُ مِنْهُمْ، وَلَا يَرِدُوا عَلَيَّ حَوْضِي. وَمَنْ لَمْ يُصَدِّقْهُمْ بِكَذِبِهِمْ وَلَمْ يُعِنْهُمْ عَلَى ظُلْمِهِمْ، فَأُولَئِكَ مِنِّي وَأَنَا مِنْهُمْ، وَسَيَرِدُوا عَلَيَّ حَوْضِي. (مسند أحمد-صححه الحافظ والحاكم)

**നബി (സ) കഅ്ബുബ്നു ഉജ്റയോട് പറഞ്ഞതായി ജാബിറുബ്നു അബ്ദില്ല പ്രസ്താവിക്കുന്നു: അവിവേകികളുടെ നേതൃത്വത്തിൽ നിന്ന് അല്ലാഹു താങ്കൾക്ക് അഭയം നൽകട്ടെ. അദ്ദേഹം (കഅ്ബുബ്നു ഉജ്റ) ചോദിച്ചു: അവിവേകികളുടെ നേതൃത്വം എന്നാൽ എന്താണ്? റസൂൽ (സ) പറഞ്ഞു: "എന്റെ കാലശേഷം വരുന്നവരാണവർ, എന്റെ സന്മാർഗം പിന്തുടരുകയോ എന്റെ ചര്യ പിൻപറ്റുകയോ ചെയ്യാത്തവർ. അവരെ ആർ കള്ളം മൊഴിഞ്ഞ് സത്യപ്പെടുത്തുകയും അനീതിയിൽ സഹായിക്കുകയും ചെയ്യുന്നുവോ അവർ എന്നിൽ പെട്ടവനല്ല, ഞാൻ അവരിൽപ്പെട്ടവനുമല്ല. എന്റെ ഹൗദിലേക്ക് അവർ വരുകയുമില്ല. അവരെ കള്ളങ്ങളാൽ സത്യപ്പെടുത്താതിരിക്കുകയും, അനീതിയിൽ സഹായിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർ എന്നിൽ പെട്ടവരാണ്, ഞാൻ അവരിൽ പെട്ടവനും. അവർ എന്റെ ഹൗദിലേക്ക് വരുന്നതാണ്" (അഹ്മദ്).**

അവിവേകികളായ ഭരണാധികാരികളും നേതാക്കളും ഏതൊരു സമൂഹത്തെയും പതനത്തിലേക്ക് നയിക്കും. അക്രമവും അനീതിയും ചൂഷണവും അവിടത്തെ സ്ഥിരം കാഴ്ചകളായിരിക്കും. അവരുടെ സുഭിക്ഷമായ ജീവിതത്തിന്റെ ഇരകളാണ് എപ്പോഴും പ്രജകൾ. സമൂഹത്തിൽ അനീതി വാഴുമ്പോൾ സമാധാനം വെറും മിഥ്യയായിരിക്കും. ഇങ്ങനെയുള്ള ഭരണാധികാരികളിൽ നിന്ന് അല്ലാഹുവിനോട് അഭയം ചോദിക്കേണമെന്നാണ് ഈ തിരുവചനം നമ്മെ ഓർമിപ്പിക്കുന്നത്. അത്തരം ഭരണാധികാരികളെ പിന്തുണക്കുകയും അവർക്ക് വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നവരെ നിശിതമായി വിമർശിക്കുകയാണ് ഹദീസിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ. 'ഏറ്റവും ഉത്തമമായ ജിഹാദ് അക്രമിയായ ഭരണാധികാരിയുടെ മുഖത്ത് നോക്കി സത്യം വിളിച്ചു പറയലാണ്' എന്ന റസൂലി(സ)ന്റെ നിർദേശത്തിന് നേരെ വിപരീതം പ്രവർത്തിക്കുന്നവരാണ് ഇക്കൂട്ടർ. നബി(സ)യുടെ പാത

> **നീതിമാന്മാരായ നേതാക്കന്മാരെ തെരഞ്ഞെടുക്കേണ്ടതും അതിനായി ഐക്യപ്പെടേണ്ടതും മുസ്‌ലിം ഉമ്മത്തിന്റെ കടമയാണ്. അവർ എന്നിൽപ്പെട്ടവരും ഞാൻ അവരിൽപ്പെട്ടവരും എന്ന് റസൂൽ (സ) പറഞ്ഞ വിഭാഗം ഈ സവിശേഷതകൾ ഉൾക്കൊള്ളുന്നവരാണ്.**

പിന്തുടരുകയോ ആ ചര്യ അനുധാവനം ചെയ്യുകയോ ചെയ്യാത്ത ഈ വിഭാഗം ചരിത്രത്തിൽ വിരളമല്ല. അബ്രഹത്തിന്റെ ആനപ്പടക്ക് വഴികാട്ടിയ അബൂ റുഗാലും ഫിർ

ഔനിന് സൈനിക പിന്തുണ നൽകിയ ഹാമാനും ചില ഉദാഹരണങ്ങൾ മാത്രം.

ഇമാം ഇബ്നു ഹമ്പൽ (റ) ജയിലിലായിരിക്കെ അവിടെയുള്ള കാവൽക്കാരിലൊരാൾ അദ്ദേഹത്തെ സമീപിച്ച് ചോദിച്ചു: അക്രമകാരികളെക്കുറിച്ചും അവർക്ക് സേവനമനുഷ്ഠിക്കുന്നവരെക്കുറിച്ചുമുള്ള ഹദീസ് ആധികാരികമാണോ? അദ്ദേഹം അതെ എന്ന് മറുപടി പറഞ്ഞു. അയാൾ വീണ്ടും ചോദിച്ചു, അങ്ങനെയെങ്കിൽ ഞാനും ആ സേവകരിൽ ഉൾപ്പെടുമോ? ''ഇല്ല, അക്രമികളുടെ മുടി ചീകിയൊതുക്കുന്നവരും വസ്ത്രം അലക്കുന്നവരും ഭക്ഷണം പാകം ചെയ്യുന്നവരും അവർക്ക് വേണ്ടി വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവരുമാണ് സേവകർ. നിങ്ങളെ സംബന്ധിച്ച് അക്രമികളുടെ കൂട്ടത്തിലാണ് താങ്കൾ'' (*മനാകിബുൽ ഇമാം അഹ്മദ്* / 397). അനീതിക്ക് കൂട്ടു നിൽക്കുന്നത് വളരെ ഗൗരവമുള്ള സംഗതിയാണെന്ന ഓർമപ്പെടുത്തലാണ് ഈ സംഭവം.

നബി (സ) പറഞ്ഞു: ''ബനൂ ഇസ്രാഈല്യരിൽ കടന്നുകൂടിയ ആദ്യത്തെ ന്യൂനത അവരിൽ ഒരാൾ മറ്റൊരുവനെ കണ്ടുമുട്ടുമ്പോൾ പറയും: 'എന്താണിത്? നീ അല്ലാഹുവിനെ സൂക്ഷിക്കുക, നീ ചെയ്തു കൊണ്ടിരിക്കുന്നത് ഉപേക്ഷിക്കുക. ഇതു നിനക്ക് വിലക്കപ്പെട്ടതാണ്.' അടുത്ത ദിവസവും അയാളെ അതേ അവസ്ഥയിൽ തന്നെ കാണുന്നു. എന്നാൽ, അയാളുടെ കൂടെയിരിക്കുന്നതിലോ ഭക്ഷണപാനീയങ്ങൾ പങ്കുവെക്കുന്നതിലോ ഉപദേശകൻ യാതൊരു വിമുഖതയും കാണിക്കുകയില്ല. അങ്ങനെ ചെയ്യുന്നതോടു കൂടി അവരുടെ ഹൃദയങ്ങൾ അല്ലാഹു പരസ്പരം കൂട്ടിയിണക്കും.'' തിന്മയെ വെറുക്കുകയെങ്കിലും ചെയ്യണമെന്നത് ഈമാനിന്റെ ഏറ്റവും താഴ്ന്ന പടിയാണ്. വെറുക്കുകയെന്നാൽ തിന്മയുടെ സങ്കേതങ്ങളിൽ നിന്ന് അകലം പാലിക്കലാണ്. അത്തരം സദസ്സുകളിൽ സാന്നിധ്യം അറിയിക്കാതിരിക്കലാണ്. അതവർക്ക് പിന്തുണയും കരുത്തുമേകും. ഹൃദയം കൊണ്ട് വെറുക്കുകയും, അതേ സമയം അവരോടൊപ്പം നടക്കുകയും അവരുടെ വാതിലുകളിൽ മുട്ടുകയും ചെയ്യുക എന്നത് തികഞ്ഞ വൈരുധ്യമാണ്. ഒരിക്കൽ ഖലീഫ ഉമർ ഇബ്നു അബ്ദിൽ അസീസിന്റെ അടുത്ത് കുറച്ച് മദ്യപാനികളെ ഹാജരാക്കി. അദ്ദേഹം അവർക്ക് മദ്യപാനത്തിനുള്ള ശിക്ഷ വിധിച്ചു. അപ്പോൾ അവർ പറഞ്ഞു: ''ഇവരുടെ കൂട്ടത്തിൽ ഇവരിൽപ്പെടാത്ത ഒരാളുണ്ട്. അയാൾ നോമ്പുകാരനാണ്.'' ഇതു കേട്ട ഉമറിന്റെ മറുപടി, 'എങ്കിൽ അയാളിൽ നിന്ന് തന്നെ തുടങ്ങൂ' എന്നായിരുന്നു. തിന്മയോട് മൗനം പാലിച്ച് കൂടെക്കൂടുന്നവരോട് ഇതാണ് ഇസ്‌ലാമിന്റെ സമീപനമെങ്കിൽ, അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്ത് സ്വന്തം സമുദായത്തെയും ജനതയെയും ഭൗതിക നേട്ടങ്ങൾക്ക് വേണ്ടി ഒറ്റുകൊടുക്കുന്നവർ എത്രയളവിൽ ശിക്ഷാർഹരായിരിക്കും!

അക്രമിഭരണകൂടങ്ങൾ നിവർത്തിയിടുന്ന അനീതിയുടെ തലയോട്ടി നിറഞ്ഞ ശ്മശാനങ്ങളെ പരിമളം വീശുന്ന പൂന്തോട്ടങ്ങളാക്കി അവതരിപ്പിക്കുന്ന വഞ്ചകർ സമുദായത്തിനകത്തുതന്നെയും ഉണ്ട്. വേദികളിലും മീഡിയയിലും അവരുടെ ചതി നിറഞ്ഞ പ്രസ്താവനകൾ പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കുന്നു. കളവുകളെ സത്യത്തിന്റെ ചായം പൂശി വിൽപ്പന നടത്തുകയാണവർ. കള്ളങ്ങൾ കൊണ്ട് വിഡ്ഢികളായ നേതാക്കന്മാരെ സത്യപ്പെടുത്തുന്നവർ / മഹത്വപ്പെടുത്തുന്നവർ എന്ന് നബി (സ) പറഞ്ഞത് ഇവരെക്കുറിച്ചാണ്. ഇവരുടെ കണ്ണി ഇവിടെയും അവസാനിക്കുന്നില്ല. പള്ളിയുടെ മിമ്പറുകളിൽ കയറി ഭരണാധികാരികളുടെ തോന്ന്യാസങ്ങൾക്ക്, പ്രമാണങ്ങൾ വളച്ചൊടിച്ച് ന്യായീകരണം കണ്ടെത്താൻ ശ്രമിക്കുന്ന 'പണ്ഡിത' നിരയെയും

> **“**
>
> **പള്ളികൾ അല്ലാഹുവിന്റേതാണെന്നും സ്വേഛാധിപതികളുടേതല്ലെന്നും സമുദായത്തെ പറഞ്ഞു പഠിപ്പിക്കേണ്ടി വന്നിരിക്കുന്നു. അവർ എന്നിൽപ്പെട്ടവരോ ഞാൻ അവരിൽപ്പെട്ടവരോ അല്ലെന്ന് റസൂൽ (സ) പറഞ്ഞ ഈ വിഭാഗത്തിൽ ഉൾപ്പെടാതിരിക്കാൻ മുസ്‌ലിം സമുദായം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.**

നമുക്ക് കാണാം. പള്ളികൾ അല്ലാഹുവിന്റേതാണെന്നും സ്വേഛാധിപതികളുടേതല്ലെന്നും സമുദായത്തെ പറഞ്ഞു പഠിപ്പിക്കേണ്ടി വന്നിരിക്കുന്നു. അവർ എന്നിൽപ്പെട്ടവരോ ഞാൻ അവരിൽപ്പെട്ടവരോ അല്ലെന്ന് റസൂൽ (സ) പറഞ്ഞ ഈ വിഭാഗത്തിൽ ഉൾപ്പെടാതിരിക്കാൻ മുസ്‌ലിം സമുദായം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഒരു മുസ്‌ലിമിന്റെ നിലപാട് ഈ പറഞ്ഞതിന്റെ നേർ വിപരീതമാണ്. ഏറ്റവും ഉത്തമമായ ജിഹാദ് അക്രമകാരിയായ ഭരണാധികാരിയോട് സത്യം വിളിച്ചു പറയലാണെന്ന തിരുവചനമാണ് ആ നിലപാടിന്റെ അടിസ്ഥാനം. നിലവിലുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തി അനീതിക്കെതിരെ ശബ്ദിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വിശ്വാസിയെ സംബന്ധിച്ചേടത്തോളം സ്റ്റേജുകളും പേജുകളും പാർലമെന്റും സാമൂഹിക മാധ്യമങ്ങളുമെല്ലാം സത്യം തുറന്നു പറയാനുള്ള ഉപകരണങ്ങളും ഉപാധികളുമാണ്. ഭരണാധികാരികൾ എങ്ങനെയുള്ളവരായാലും അവർക്ക് നിരുപാധിക വിധേയത്വം കൽപ്പിക്കുക എന്നത് ഇസ്‌ലാമിന്റെ കാഴ്ചപ്പാടല്ല. കപടവിശ്വാസികളുടെ വ്യാജസന്ദേശങ്ങൾ പരിശോധനാവിധേയമാക്കാതെ പ്രചരിപ്പിക്കുന്നതും അപകടകരമാണ്. നീതിമാന്മാരായ നേതാക്കന്മാരെ തെരഞ്ഞെടുക്കേണ്ടതും അതിനായി ഐക്യപ്പെടേണ്ടതും മുസ്‌ലിം ഉമ്മത്തിന്റെ കടമയാണ്. അവർ എന്നിൽപ്പെട്ടവരും ഞാൻ അവരിൽപ്പെട്ടവരും എന്ന് റസൂൽ (സ) പറഞ്ഞ വിഭാഗം ഈ സവിശേഷതകൾ ഉൾക്കൊള്ളുന്നവരാണ്. മിമ്പറുകളിൽ അല്ലാഹുവിന്റെ വചനങ്ങൾ സധൈര്യം തുറന്നു പറയുകയും അനീതിക്കെതിരെ ജനങ്ങൾക്കും ഭരണാധികാരികൾക്കും താക്കീത് നൽകുകയും ചെയ്യുന്ന യഥാർഥ പണ്ഡിതന്മാർ അവരിൽപ്പെട്ടവരാണ്. നബി(സ)യുടെ ഹൗദിൽ നിന്ന് പാനം ചെയ്യുന്ന സംഘവും അവർ തന്നെ. ●